## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 288** **02.03.2020 - ൽ മറുപടിക്ക്.**

## റേഷൻ മുൻഗണനാ പട്ടിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** കരുനാഗപ്പള്ളി സപ്ലൈ ഓഫീസ് പരിധിയിൽ അനർഹരായ എത്രപേരെ റേഷൻ മുൻഗണനാ പട്ടികയിൽ നിന്നൊഴിവാക്കിയെന്ന വിവരം ലഭ്യമാക്കുമോ; | **(എ)** കരുനാഗപ്പള്ളി സപ്ലൈ ഓഫീസ് പരിധിയിൽ നാളിതുവരെ 4856 അനർഹരായ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| **(ബി)** പ്രസ്തുത സപ്ലൈ ഓഫീസ് പരിധിയിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിലവിൽ എത്രപേരുടെ അപേക്ഷ തീരുമാനമാകാതെയുണ്ടെന്നും എത്ര പേരുടെ അപേക്ഷയിൽ തീരുമാനമെടുത്തുവെന്നും വിശദീകരിക്കുമോ; | **(ബി)** മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ വേണ്ടി നിലവിൽ 1600 അപേക്ഷകൾ അവശേഷിക്കുന്നുണ്ട്. നാളിതുവരെയായി 6300 അപേക്ഷകൾ തീർപ്പുകല്പിച്ചിട്ടുണ്ട്. |
| **(സി)** മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | **(സി)** മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 15.02.2020 വരെ ലഭിച്ച അപേക്ഷകളിന്മേൽ നേർമുഖക്കാഴ്ച നടത്തിയിട്ടുണ്ട്. അനർഹരെ കണ്ടെത്തി ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**